**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **16-03-2022 - ൽ മറുപടിയ്ക്ക്**

**സിറ്റി സർവൈലൻസ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് കുന്ദമംഗലത്ത് എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സിറ്റി സർവൈലൻസ് സിസ്റ്റം സ്ഥാപിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സ്ഥിരമായി പ്രവർത്തിപ്പിക്കുന്നതിന് റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് എന്നേക്ക് പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | കുന്ദമംഗലം പോലീസ് സ്റ്റേഷനോടനുബന്ധിച്ച് ബഹു. കുന്ദമംഗലം എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 64 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച സിറ്റി സർവൈലൻസ് സിസ്റ്റത്തിനുള്ള വൈദ്യുതി അനുവദിച്ച് നൽകുന്നതിലേക്കായി എസ്റ്റിമേറ്റ് തുകയായ 40,901/- രൂപ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് കോഴിക്കോട് സിറ്റി പോലീസ് ഓഫീസിൽ നിന്നും 17.12.2021 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുക കോഴിക്കോട് സിറ്റി പോലീസ് ഓഫീസിലെ സ്പോർട്സ് ഫണ്ടിൽ നിന്നും താൽക്കാലികമായി ചെലവഴിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളതും റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ആയത് സ്പോർട്സ് ഫണ്ടിലേക്ക് വകയിരുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ